# ശില്പശാല തുടങ്ങി

MB dt. 19/5/2022




അന്താരാഷ്ട്ര നാളികേരസമൂഹം നടത്തുന്ന ശില്പശാല ഐ.സി.എ.ആർ. ഹോർട്ടികൾച്ചർ സയൻസ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. എ.കെ.സിങ് ഉദ്ഘാടനം ചെയ്യുന്നു

ഉദുമ ▸ അന്താരാഷ്ട്ര നാളികേര സമൂഹം (ഐ.സി.സി.) കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിന്റെ സഹകരണത്തോടെ നടത്തുന്ന ശില്പശാല തുടങ്ങി. ഐ.സി.എ.ആർ. ഹോർട്ടികൾച്ചർ സയൻസ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. എ.കെ.സിങ് ഉദ്ഘാടനം ചെയ്തു. നാളികേര ടിഷ്യു കൾച്ചറുമായി ബന്ധപ്പെട്ട പഠനങ്ങൾ വിജയത്തിലെത്തിക്കുന്നതിന് ഐ.സി.സി.യുടെ നേതൃത്വത്തിൽ ഒരു ഗവേഷണശൃംഖല തുടങ്ങണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. അനിത കരുൺ, ഡോ. എം.കെ.രാജേഷ്, ഡോ. വി.നിരാൽ, ഡാ. ജെൽഫിന സി .അലോവ്, എർലിൻ മനോഹർ, ഡോ. ഷരീഫ എന്നിവർ സംസാരിച്ചു. 24 വിദേശ പ്രതിനിധികളും 12 ഇന്ത്യൻ പ്രതിനിധികളും പങ്കെടുക്കുന്ന ശില്പശാലയുടെ സാങ്കേതിക സെഷനുകൾ സി.പി.സി.ആർ.ഐ.യിൽ നടക്കും.

# ബെവ്കോ വെയർഹൗസിലേക്ക്